1) **<u>22.12.2017 വെള്ളിയാഴ്ച രാവിലെ 11.00 മണിക്ക് ബഹു: ജിസിഡിഎ ചെയർമാൻ അഡ്വ.സി.എൻ.മോഹനൻ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ 488–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ നടപടികൾ.</u>**

**<u>ഹാജർ</u>**

1) അഡ്വ. സി. എൻ. മോഹനൻ, ചെയർമാൻ, ജിസിഡിഎ.
2) ശ്രീ. എം. സ്വരാജ്, ബഹു. എം.എൽ.എ., തൃപ്പൂണിത്തുറ.
3) ശ്രീ. കെ.ജെ. മാക്സി, എം.എൽ.എ., കൊച്ചി.
4) ശ്രീമതി. അനൂജ എ.എസ്., സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ.
5) ശ്രീ. എം.സി. ജോസഫ്, സെക്രട്ടറി, ജിസിഡിഎ.

**<u>1. തീരുമാനം നമ്പർ 189/2017–18</u>**

*29.11.2017 ൽ കൂടിയ 487–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ.*

29.11.2017–ൽ കൂടിയ 487–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ വായിച്ച് അംഗീകരിച്ചു.

**<u>2. തീരുമാനം നമ്പർ 190/2017–18</u>**

*19.10.2017–ൽ കൂടിയ 486–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനങ്ങളുടെ തുടർ നടപടിക്കുറിപ്പ്.*

19.10.2017–ൽ കൂടിയ 486–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനങ്ങളുടെ തുടർ നടപടികുറിപ്പ് വായിച്ച് റെക്കോഡ് ചെയ്തു.

**<u>3. തീരുമാനം നമ്പർ 191/2017–18</u>**

*ജി.സി.ഡി.എ. - റവന്യൂ (സി.സി.) വിഭാഗം - തമ്മനം കിസാൻ കോളനി - NOC നൽകുന്നത് - സംബന്ധിച്ച്. (നം. 9047/റവന്യൂ (സി.സി)/2017/ജി.സി.ഡി.എ)*

അതോറിറ്റിയുടെ ചേരിനിർമ്മാർജ്ജന പദ്ധതിയിൽപ്പെട്ട തമ്മനം കിസ്സാൻ കോളനിയിലെ വീട് നമ്പർ–71 ശ്രീമതി. സുഹറ ബാബുവിന് ടിയാരിയുടെ മകളുടെ വിവാഹ ആവശ്യത്തിലേയ്ക്ക് തമ്മനം സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും ലോൺ എടുക്കുന്നതിനായി NOC നൽകുന്നതിന് തീരുമാനിച്ചു.

**4. തീരുമാനം നമ്പർ 192/2017-18**

*ജി.സി.ഡി.എ. - റവന്യൂ II വിഭാഗം - അതോറിറ്റി വക എറണാകുളം സൗത്ത് കിഴക്കേ കവാടം കെട്ടിടത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മിഷന് അനുവദിച്ചിട്ടുള്ള ഓപ്പൺ ടെറസ്സിന്റെ വാടകപ്പണം അടവ് വരുത്തുന്നതിന് എല്ലാ മാസവും പത്താം തീയതിക്ക് ശേഷം അഞ്ച് പ്രവൃത്തി ദിനങ്ങൾ കൂടി അനുവദിച്ചു നൽകുന്നത് - സംബന്ധിച്ച്. (നം. സി.16/8375/2014/ജി.സി.ഡി.എ)*

അജ□ കുറിപ്പിൽ വിവരിച്ചത് പ്രകാരം അതോറിറ്റി വക എറണാകുളം സൗത്ത് കിഴക്കേ കവാടം കെട്ടിടത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അനുവദിച്ചിട്ടുള്ള ഓപ്പൺ ടെറസ്സിന്റെ കൂടി വാടക അടയ്ക്കുന്നതിന് പത്താം തീയതിക്ക് ശേഷം അഞ്ച് പ്രവൃത്തി ദിനങ്ങൾ കൂടി അനുവദിച്ച് ഡ്യൂ ഡേറ്റ് 15-ാം തീയതിയിലെയ്ക്ക് മാറ്റുന്നതിന് തീരുമാനിച്ചു.

**5. തീരുമാനം നമ്പർ 193/2017-18**

*ജി.സി.ഡി.എ. - റവന്യൂ (സി.സി.) വിഭാഗം - സ്ലം വീട് നമ്പർ-15 - തമ്മനം കിസ്സാൻ കോളനി - NOC നൽകുന്നത് - സംബന്ധിച്ച്.*
*(നം. സി.11/റവന്യൂ (സി.സി.)/8553/TKC/ജി.സി.ഡി.എ)*

അതോറിറ്റിയുടെ ചേരി നിർമ്മാർജ്ജന പദ്ധതിയിൽപ്പെട്ട തമ്മനം കിസ്സാൻ കോളനിയിലെ സ്ലം വീട് നമ്പർ 15 ശ്രീ. നിസാർ ഉമ്മറിന് ടി വീടും സ്ഥലവും തമ്മനം സഹകരണ ബാങ്കിൽ പണയപ്പെടുത്തി ലോൺ എടുക്കുന്നതിന് NOC നൽകുന്നതിന് തീരുമാനിച്ചു.

**6. തീരുമാനം നമ്പർ 194/2017-18**

*ജി.സി.ഡി.എ. - റവന്യൂ (സി.സി.) വിഭാഗം - തമ്മനം കിസ്സാൻ കോളനി സ്ലം വീട് നമ്പർ-57 - NOC നൽകുന്നത് - സംബന്ധിച്ച്.*
*(നം. സി.11/സ്ലം/TKC-57/റവന്യൂ (സി.സി.)/ജി.സി.ഡി.എ)*

അതോറിറ്റിയുടെ ചേരി നിർമ്മാർജ്ജന പദ്ധതിയിൽപ്പെട്ട തമ്മനം കിസ്സാൻ കോളനി സ്ലം വീട് നമ്പർ-57 ശ്രീ. ഗോപി പി.എസ്.-ന് തമ്മനം സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും ലോൺ എടുക്കുന്നതിന് നൽകുന്നതിന് NOC തീരുമാനിച്ചു.

**7. തീരുമാനം നമ്പർ 195/2017-18**

*ജി.സി.ഡി.എ. - റവന്യൂ (സി.സി.) വിഭാഗം - തമ്മനം കിസ്സാൻ കോളനി സ്ലം വീട് നമ്പർ-145 - NOC നൽകുന്നത് - സംബന്ധിച്ച്.*
*(നം. സി.11/സ്ലം/TKC-145/റവന്യൂ (സി.സി.)/ജി.സി.ഡി.എ)*

അതോറിറ്റിയുടെ ചേരി നിർമ്മാർജ്ജന പദ്ധതിയിൽപ്പെട്ട തമ്മനം കിസ്സാൻ കോളനി സ്ലം വീട് നമ്പർ 145 ബെന്നി എന്ന ദേവസ്സിയ്ക്ക് ടി വീടും സ്ഥലവും പണയപ്പെടുത്തി തമ്മനം സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും ലോണെടുക്കുന്നതിന് NOC നൽകുന്നതിന് തീരുമാനിച്ചു.

**8. തീരുമാനം നമ്പർ 196/2017-18**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - ഫിഫ അ□ ർ-17 വേൾഡ്കപ്പ് കോംപറ്റീഷൻ ഏരിയയിലുള്ള അധിക പ്രവൃത്തികൾ - റിവൈസ്ഡ് എസ്റ്റിമേറ്റ് സാധൂകരണം - സംബന്ധിച്ച്. (നം. ഇ.2/3990/2017/ജി.സി.ഡി.എ)*

അജ□ കുറിപ്പിൽ വിവരിച്ചത് പ്രകാരം കലൂർ ജെ.എൻ.ഐ.എസ്.-ൽ ഫിഫ അ□ ർ-17 വേൾഡ് കപ്പിന് മുന്നോടിയായി കോംപറ്റീഷൻ ഏരിയയിലെ നവീകരണ പ്രവൃത്തിയിൽ ഫിഫ അധികൃതരുടെ നിർദ്ദേശ പ്രകാരം കൂടുതലായി ചെയ്യേ□ ി വന്ന ഇനങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ച നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**9. തീരുമാനം നമ്പർ 197/2017-18**

*ജി.സി.ഡി.എ. - എസ്റ്റേറ്റ് വിഭാഗം - ജിസിഡിഎയുടെ സൗത്ത് റെയിൽവെ സ്റ്റേഷൻ കിഴക്കേ കവാടം പാർക്കിംഗ് ഏരിയയിൽ നിന്നും പാർക്കിംഗ് ഫീസ് പിരിക്കുന്നതിന് നൽകിയ കരാർ പുനക്രമീകരിക്കുന്നത് - സാധൂകരണം - സംബന്ധിച്ച്. (നം. 3859/എസ്റ്റേറ്റ്/ബി-3/2017/ജി.സി.ഡി.എ)*

അജ□ കുറിപ്പിൽ വിവരിച്ചത് പ്രകാരം ജിസിഡിഎയുടെ സൗത്ത് റെയിൽവേസ്റ്റേഷൻ കിഴക്കേ കവാടം പാർക്കിംഗ് ഏരിയയിൽ നിന്നും പാർക്കിംഗ് ഫീസ് പിരിക്കുന്നതിന് 22.05.2017-ലെ ടെ□ ർ/ലേല പ്രകാരം നൽകിയ കരാറിൽ 01.06.2017 മുതൽ 31.05.2018 വരെയുള്ള കരാർ കാലാവധിയിലെ ആകെ ടെ□ ർ/ ലേലത്തുക 29,75,000/- രൂപയായി നിജപ്പെടുത്തി കരാറുകാരനായ എസ്.വി. അസ്സോസിയേറ്റ്സിൽ നിന്നും ഈടാക്കുന്നതിന് സ്വീകരിച്ച നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**10. തീരുമാനം നമ്പർ 198/2017-18**

*ജി.സി.ഡി.എ. - എസ്റ്റേറ്റ് വിഭാഗം - അതോറിറ്റി വക കൊച്ചി മറൈൻ ഡ്രൈവ് ഷോപ്പിംഗ് കോംപ്ലക്സിൽ ജസ്റ്റിസ് മുഹമ്മദ് കമ്മീഷൻ ഓഫ് ഇൻക്വയറിയ്ക്ക് (അഡ്വക്കേറ്റുമാരും മാധ്യമ പ്രവർത്തകരും തമ്മിലുള്ള തർക്കം പോലീസ് ലാത്തിച്ചാർജ്ജിൽ എത്തിയത് അന്വേഷിക്കുന്നത്) ഒ.എസ്.-62 ഷോപ്പിനുവേ□ ി അനുവദിച്ചിട്ടുള്ള കാർ/സ്ക്കൂട്ടർ പാർക്കിംഗ് സ്പേസുകളെ - 15, 9, 12, 13 - വാടകയിൽ നിന്നും ഒഴിവാക്കിയ നടപടിയുടെ സാധൂകരണം - സംബന്ധിച്ച്. (നം. 2123/എസ്റ്റേറ്റ്/ബി-3/2012/ജി.സി.ഡി.എ)*

കൊച്ചി മറൈൻ ഡ്രൈവ് ഷോപ്പിംഗ് കോംപ്ലക്സിൽ ജസ്റ്റിസ് മുഹമ്മദ് കമ്മീഷൻ ഓഫ് എൻക്വയറിയ്ക്ക് ഓ.എസ്.–62 ഷോപ്പിനുവേ□ ി അനുവദിച്ചിട്ടുള്ള 15, 9, 12, 13 എന്നീ കാർ/സ്കൂട്ടർ പാർക്കിംഗ് സ്പേസുകളെ കമ്മീഷന്റെ അപേക്ഷ പരിഗണിച്ച് വാടകയിൽ നിന്നും ഒഴിവാക്കിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**11. തീരുമാനം നമ്പർ 199/2017–18**

*ജി.സി.ഡി.എ. - എസ്റ്റേറ്റ് വിഭാഗം - മറൈൻ ഡ്രൈവ് മൈതാനം - അന്താരാഷ്ട്ര പുസ്തക പ്രദർശനം നടത്തുന്നതിന് സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന് അനുവദിക്കുന്നതിന് വാടകയിളവ് നൽകുന്ന എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം ഭേദഗതി വരുത്തുന്നത് - സംബന്ധിച്ച്.*
*(നം. 5289/എസ്റ്റേറ്റ്/എ-3/2017/ജി.സി.ഡി.എ)*

ജിസിഡിഎ വക മറൈൻ ഡ്രൈവ് മൈതാനം അന്താരാഷ്ട്ര പുസ്തക പ്രദർശനം നടത്തുന്നതിന് 26.02.2018 മുതൽ 13.03.2018 വരെ സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന് അനുവദിക്കുന്നതിന് തീരുമാനിച്ച 25.08.2017–ലെ 117/2017–18 നമ്പർ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനത്തിൽ 75% വാടകയിളവ് എന്നത് 25% വാടകയിളവ് എന്നാക്കി ഭേദഗതി വരുത്തുന്നതിനും എസ്.പി.സി.എസ്. സർക്കാർ ഉത്തരവ് ഹാജരാക്കേ□ താണെന്നും തീരുമാനിച്ചു.

**12. തീരുമാനം നമ്പർ 200/2017–18**

*ജി.സി.ഡി.എ. - എസ്റ്റേറ്റ് വിഭാഗം - ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം ISL 2017 ഫുട്ബോൾ മത്സരങ്ങൾ നടത്തുന്നതിനായി ബ്ലാസ്റ്റേഴ്സ് സ്പോർട്സ് വെഞ്ചേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് (കേരള ബ്ലാസ്റ്റേഴ്സ് എഫ്.സി.)ക്ക് അനുവദിക്കുന്നത് - സംബന്ധിച്ച്.*
*(നം. 8908/എസ്റ്റേറ്റ്/എ-3/2017/ജി.സി.ഡി.എ)*

അതോറിറ്റി വക കലൂർ ജെ.എൻ.ഐ.എസ്. ഐ.എസ്.എൽ. 2017 ഫുട്ബോൾ മത്സരങ്ങൾ നടത്തുന്നതിനായി ബ്ലാസ്റ്റേഴ്സ് സ്പോർട്സ് വെഞ്ചേഴ്സ് പ്രൈവറ്റ് ലിമിറ്റഡിന് കേരള ബ്ലാസ്റ്റേഴ്സ് എഫ്.സി. 14.11.2017–ലെ കരാർ പ്രകാരം സെക്യൂരിറ്റി തുക 1,00,00,000/– രൂപ (ഒരു കോടി രൂപ മാത്രം) ഓരോ കളിക്കും 5,00,000/– രൂപ വീതം വാടക, സെമി ഫൈനൽ, ഫൈനൽ മത്സരങ്ങൾക്ക് സ്റ്റേഡിയം വേദിയാകുന്നുവെങ്കിൽ യഥാക്രമം 7,00,000/– രൂപ, 10,00,000/– രൂപ നിരക്കിലും വാടക നിശ്ചയിച്ച് കരാർ വച്ച് അനുവദിച്ച് നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**13. തീരുമാനം നമ്പർ 201/2017–18**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - ഫിഫ അ□ ർ-17 ലോകകപ്പ് ജെ.എൻ.ഐ. സ്റ്റേഡിയം - കസേര ഉറപ്പിക്കുന്ന പ്രവർത്തി അധിക ഇനം അംഗീകരിക്കുന്നത് - സംബന്ധിച്ച്. (നം. ഇ.2/2558/2016/ജി.സി.ഡി.എ)*

അജ□ കുറിപ്പിൽ വിവരിച്ചത് പ്രകാരം കലൂർ ജെ.എൻ.ഐ.എസ്.–ൽ ഫിഫയ്ക്ക് മുന്നോടിയായി ബക്കറ്റ് സീറ്റ് സ്ഥാപിക്കുന്ന പ്രവർത്തിയിൽ എഗ്രീഡ് പി.എ.സി.യിൽ നിന്നും തുക അധികരിക്കാത്ത വിധം കസേരകൾ സീറ്റിംഗ് എലമെന്റിൽ ഇളക്കം തട്ടാതെ ഉറപ്പിക്കുന്നതിന് ആവശ്യമായ ക്ലാമ്പ് ഉപയോഗിച്ച് കസേരകൾ ഉറപ്പിച്ച പ്രവൃത്തി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**14. തീരുമാനം നമ്പർ 202/2017–18**

*ജി.സി.ഡി.എ. – എഞ്ചിനീയറിംഗ് വിഭാഗം – ഫിഫ അ□ ർ–17 ലോകകപ്പ് ബ്യൂട്ടിഫിക്കേഷൻ പ്രവർത്തികൾ വർക്ക് ഓർഡർ നൽകിയ നടപടി സാധൂകരിക്കുന്നത് – സംബന്ധിച്ച്. (നം. ഇ.2/3850/2017/ജി.സി.ഡി.എ)*

അജ□ കുറിപ്പിൽ വിവരിച്ചത് പ്രകാരം കലൂർ ജെ.എൻ.ഐ.എസ്.–ൽ ഫിഫ അ□ ർ–17 ലോകകപ്പിന് മുന്നോടിയായുള്ള ബ്യൂട്ടിഫിക്കേഷൻ പ്രവൃത്തി അടിയന്തിരമായി ചെയ്യേ□ തിനാൽ ടെ□ ർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്കായി പി.എ.സിയുടെ 26.24% below നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. അംജത്തിന് വർക്ക് ഓർഡർ നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**15. തീരുമാനം നമ്പർ 203/2017–18**

*ജി.സി.ഡി.എ. – എഞ്ചിനീയറിംഗ് വിഭാഗം – ഫിഫ അ□ ർ–17 ലോകകപ്പ് സൗന്ദര്യവൽക്കരണ പ്രവർത്തികൾ അധിക ഇനം ചെയ്തതും റിവൈസ്ഡ് എസ്റ്റിമേറ്റ് സാധൂകരിക്കുന്നതും – സംബന്ധിച്ച്.*
*(നം. ഇ.2/3850/2017/ജി.സി.ഡി.എ)*

അജ□ കുറിപ്പിൽ വിവരിച്ചത് പ്രകാരം കലൂർ ജെ.എൻ.ഐ.എസ്.–ൽ ഫിഫ അ□ ർ–17 ലോക കപ്പിന് മുന്നോടിയായി നടത്തിയ സൗന്ദര്യവൽക്കരണ പ്രവൃത്തികളിൽ ലാന്റ് സ്കേപ്പിംഗ് ഉൾപ്പെടെ അധിക ഇനങ്ങൾ ചെയ്ത നടപടിയും റിവൈസ്ഡ് എസ്റ്റിമേറ്റ് തുകയും അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

യോഗം 12.00 മണിക്ക് അവസാനിച്ചു.

(ഒപ്പ്)
ചെയർമാൻ
വിശാല കൊച്ചി വികസന അതോറിറ്റി